**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യ്ക്ക് സാമ്പത്തിക സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ ദാസൻ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ. വി. അബ്ദുറഹിമാൻ,<br>ശ്രീ. ബി .സത്യൻ** | | **Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | ഗതാഗതരംഗത്ത് കോവിഡ് സൃഷ്ടിച്ച ആഘാതം കെ.എസ്.ആർ.ടി.സി.യെ സാമ്പത്തികമായി അസ്ഥിരപ്പെടുത്താതിരിക്കാൻ സർക്കാർ നടത്തിയ ഇടപെടലും നൽകിയ സഹായവും വിശദമാക്കാമോ; | (എ) | 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ സഹായത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി. നിലനിൽക്കുന്നത്. ഇപ്പോൾ ഒരുമാസം ശരാശരി 130 കോടി രൂപയോളം ശമ്പളത്തിനും പെൻഷനുമായി ധനസഹായം സർക്കാർ നൽകുന്നു. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നൽകിയ സഹായത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. പ്രതിസന്ധികാലത്ത് ശമ്പളം നൽകുന്നതിനായി 666.39 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 661.63 കോടി രൂപയും സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ഫണ്ടായി 5 കോടി രൂപയും, കെ.റ്റി.ഡി.എഫ്.സി. വായ്പയുടെ പലിശ ഒടുക്കുന്നതിന് 12.77 കോടി രൂപയും ഡീസൽ പ്രൈസ് ഇനത്തിൽ ഐ.ഒ.സി.യ്ക്ക് നൽകുന്നതിനായി 20 കോടി രൂപയും, ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 7.30 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിനായി 10കോടി രൂപയും, കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും, ദിവസ വേതന ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ നൽകുന്നതിനായി 2.11 കോടി രൂപയും, ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിലേക്കായി 4.37 കോടി രൂപയും, 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 2.73 കോടി രൂപയും ചേർത്ത് ഈ കോവിഡ് കാലഘട്ടത്തിൽ ആകെ 1472.31 കോടി രൂപ സർക്കാർ സഹായമായി നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി | (ബി) | കോവിഡ് പ്രതിസന്ധി കാലത്ത് ശമ്പളം |

| | | | |
|---|---|---|---|
| | പെൻഷൻകാരുടെ ആത്മഹത്യക്കിടയാക്കിയ സ്ഥിതി സംജാതമാകാതിരിക്കാൻ പ്രതിസന്ധി കാലത്തും ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ കരുതൽ നടപടിയുണ്ടായോയെന്ന് അറിയിക്കാമോ; | | നൽകുന്നതിനായി 666.39 കോടി രൂപയും പെൻഷൻ നൽകുന്നതിനായി 661.63 കോടി രൂപയും സർക്കാർ സഹായം നൽകിയതിനാൽ ശമ്പളവും പെൻഷനും മുടങ്ങിയിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.ക്ക് വിവിധ ഇനത്തിൽ നൽകിയ സാമ്പത്തിക സംരക്ഷണം വിശദീകരിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ സാമ്പത്തിക സഹായങ്ങളെക്കുറിച്ച് അറിയിക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം I ആയി ചേർക്കുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സാമ്പത്തിക സഹായം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | സ്ഥാപനത്തിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (ഡി) | മോട്ടോർ വാഹന നികുതി, ഗ്രീൻ ടാക്സ്, പെർമിറ്റ് ഫീസ്, സി.എഫ്. ടെസ്റ്റ് പുതുക്കുന്നതിനുള്ള ഫീസ് എന്നിവ കെ.എസ്. ആർ.ടി.സി.യ്ക്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, കൊറിയർ പാഴ്സൽ, എ.ടി.എം. മുതലായവയിൽ നിന്നും ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതിയും, സൈറ്റ് സീയിംഗ് പദ്ധതിയും കെ.എസ്.ആർ.ടി.സി.യുടെ വാനുകളും സജ്ജീകരിച്ചിട്ടുണ്ട്. ലോജിസ്റ്റിക്സ് കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതു ജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് CNG, LNG ഔട്ട് ലറ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും സ്ഥലം പാട്ടത്തിനു നൽകുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും |

| | | | |
|---|---|---|---|
| | | | ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഇ) | സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാധിഷ്ഠിതമായതുൾപ്പെടെ നടത്തുന്ന നവീകരണങ്ങളെക്കുറിച്ച് അറിയിക്കാമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്ന 5500 വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള 5500 ETM മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഇതുവഴി യാത്രക്കാരുടെ എണ്ണം, ട്രിപ്പ് കളക്ഷൻ, പ്രീപെയ്ഡ് കാർഡ് ഉപയോഗം എന്നിവകളും. 3. ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ്, സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോട് കൂടിയ ജി-സ്പാർക്ക് സ്റ്റോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ, ഇ-ഓഫീസ് സംവിധാനം പുരോഗമിച്ചുവരുന്നു. കിഫ്ബി ധനസഹായത്തോടെ 310 എണ്ണം Fully Built Non AC CNG BS VI ബസ്സുകൾ വാങ്ങുന്നതിലേക്കായി ദർഘാസ് നടപടി ക്രമം നടന്നു വരുന്നു. 50 ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് മാറ്റി ഓടിച്ച് നോക്കി പ്രവർത്തനക്ഷമത വിലയിരുത്തിയതിനു തീരുമാനമായിട്ടുണ്ട്. 5 ഡീസൽ ബസുകൾ സി.എൻ.ജി. ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME-II സ്കീം പ്രകാരം തിരുവനന്തപുരം മേഖലയ്ക്കായി 50 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നടപടി ക്രമം നടന്നു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സെൻട്രൽ വർക്ക്ഷോപ്പിന്റെയും മറ്റ് 4 റീജിയണൽ വർക്ക്ഷോപ്പുകളുടേയും ആധുനികവത്ക്കരണത്തിനും ഒപ്പം തന്നെ 9 ജില്ലാ വർക്ക്ഷോപ്പുകളുടെ രൂപീകരണത്തിനു മായി 2020-21 വർഷത്തിന്റെ പ്ലാൻ ഫണ്ടിൽ 31.93 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ